<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 5835 28.03..2018-ൽ മറുപടിയ്ക്ക്

## കോട്ടയ്ക്കൽ മണ്ഡലത്തിലെ പുറമണ്ണൂർ ആയുർവേദ ഡിസ്പെൻസറി

| ചോദ്യം<br>പ്രൊ. ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ പുറമണ്ണൂർ ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിടം തകർന്നു വീഴാറായ കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം. ഡയറക്ടർ എന്നിവർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | ഇരിമ്പിളിയം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിച്ചുവരുന്നത്. കെട്ടിടത്തിന് പി.ഡബ്ല്യൂ.ഡി-യിൽ നിന്നും അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം പൊളിക്കുന്നതാണ്. സ്ഥാപനത്തിന്റെ പ്രവർത്തനം താൽക്കാലികമായി പഞ്ചായത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന വയോജന കേന്ദ്രത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഐ.എസ്.എം ഡയറക്ടർ സംസ്ഥാനതലത്തിൽ തയ്യാറാക്കിയ ബഡ്ജറ്റ് പ്രൊപ്പോസലിൽ പുറമണ്ണൂർ ആയുർവേദ കെട്ടിടത്തിനുള്ള ഫണ്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച | (സി) | ഇല്ല. |

| | | | |
|---|---|---|---|
| | നടപടികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; | | |
| (ഡി) | അടുത്ത ബഡ്ജറ്റിൽ പുറമണ്ണൂർ ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ കാര്യം പരിഗണിക്കുവാൻ ആവശ്യമായ നിർദ്ദേശം ഐ.എസ്.എം. ഡയറക്ടർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | അടുത്ത ബഡ്ജറ്റിൽ പുറമണ്ണൂർ ആയുർവേദ ആശുപത്രിയ്ക്കായി ഫണ്ട് ഉൾപ്പെടുത്തുന്ന വിഷയം ആവശ്യകതയ്ക്കനുസരിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ